## കുഞ്ഞിക്കൂനൻ
### പി. നരേന്ദ്രനാഥ്

പുറത്തൊരു കൂനുമായി ജനിച്ച കുഞ്ഞിക്കൂനൻ. കുഞ്ഞിക്കൂനന്റെ കുട്ടിക്കാലത്ത് ഉണ്ടായ സംഭവങ്ങളുടെ കഥ. കുട്ടിയായിരിക്കുമ്പോൾതന്നെ രാജ്യത്തെ രക്ഷിച്ചതും നാളത്തെ മന്ത്രിയാകാനുള്ള ഭാഗ്യം ലഭിച്ചതുമായ കഥ. കുട്ടികൾക്ക് ഏറ്റവും പ്രിയപ്പെട്ട ഈ കഥ കുട്ടികളുടെ ഭാഷയിൽ അവതരിപ്പിക്കുന്നു.


**പി. നരേന്ദ്രനാഥിന്റെ കഥാലോകം**



അമ്മയുടെ ഉമ്മ



കൊച്ചുനീലാണ്ടൻ



മനസ്സറിയും യന്ത്രം



കവർ ഡിസൈൻ: ജയിംസ് സെബാസ്റ്റ്യൻ

ഒരു ഡിസിബുക്സ് മുദ്രണം
www.dcbooks.com

81-264-0102-8
9 788126 401024 00021

നോവൽ | E-book available | ₹ 60


C8M3 NAR/K
546

മാമ്പഴം

# പി. നരേന്ദ്രനാഥ്
# കുഞ്ഞിക്കൂനൻ



C8M3 NAR/K
CASMTVK CHILD
546

### പി. നരേന്ദ്രനാഥ്

(1934–1991)

1934–ൽ പട്ടാമ്പിക്കടുത്ത് നെല്ലായ എന്ന സ്ഥലത്ത് ജനിച്ചു. ധനശാസ്ത്രം, ബാങ്കിങ് എന്നിവയിൽ ബിരുദങ്ങൾ നേടി. കാനറാ ബാങ്കിന്റെ റീജനൽ മാനേജരായി വിരമിച്ചു. *വികൃതിരാമൻ, അന്ധഗായകൻ* തുടങ്ങി നോവൽ, നാടകം, ബാലസാഹിത്യം എന്നീ വിഭാഗങ്ങളിൽ മുപ്പതിലേറെ പുസ്തകങ്ങൾ. കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര വിദ്യാഭ്യാസവകുപ്പ് അവാർഡ് തുടങ്ങിയവ നേടിയിട്ടുണ്ട്. ചില കൃതികൾക്ക് തമിഴ്, ഹിന്ദി പരിഭാഷകൾ ഉണ്ടായിട്ടുണ്ട്. 1991–ൽ അന്തരിച്ചു.

പി. നരേന്ദ്രനാഥിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

അമ്മയുടെ ഉമ്മ
ഇത്തിരിക്കുഞ്ഞൻ
ഉണ്ടത്തിരുമേനി
ഉണ്ടനും ഉണ്ടിയും
മനസ്സറിയും യന്ത്രം
കുഞ്ഞുണ്ണിയും കൂട്ടുകാരും
കുട്ടികൾക്ക് രണ്ട് നോവലുകൾ
കുറുമ്പൻ കുഞ്ഞുണ്ണി
കൊച്ചുനീലാണ്ടൻ
പങ്ങുണ്ണി
പാക്കനാരുടെ മകൻ
കുഞ്ഞിക്കൂനൻ

# കുഞ്ഞിക്കൂനൻ




രചന
പി. നരേന്ദ്രനാഥ്

ചിത്രീകരണം
ജയിംസ് സെബാസ്റ്റ്യൻ


ഒരു ഡി സി ബുക്സ് മുദ്രണം

546

Malayalam Language
**Kunhikkoonan**

Children's Books/Novel
By P. Narendranath
Rights Reserved
First Published 1965
First DCB Edition June 1980
21st Impression April 2015

ILLUSTRATIONS
James Sebastian

PUBLISHERS
**Mambazham**
An imprint of **D C Books**
Kottayam 686 001
Kerala State, India
Online Literature News Portal:www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-mail: customercare@dcbooks.com
e-book version of this title is available at www.thewinkstore.com
Customer Care: 9846133336

DISTRIBUTORS
D C Books-Current Books

**D C Books Library Cataloguing in Publication Data**
Narendranath, P.
Kunhikkoonan/P. Narendranath.
80p., 21cm.
ISBN 81-264-0102-8
1. Children's literature. 2. Novel. I. Title.
C 8M3*-dc 22.
*(This is local variation of DDC number for Malayalam literature: Kunhikkoonan.)

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 81-264-0102-8

Printed in India
at D C Press, Kottayam, INDIA

D C BOOKS - The first Indian Book Publishing House to get ISO Certification

₹ 60.00

86/15-16-Sl.No. 14422-dcb 320-(21)2000-1739-04-15-Sir. 18.1-p sd-r sh-d vp

# ഒന്ന്

ആയിരം കൊല്ലത്തെ പഴക്കമുള്ള കഥയാണിത്.

മലകളും കാടുകളും പുഴകളും പുൽത്തകിടികളും ധാരാളമുള്ള മനോഹരമായ ഒരു നാട്ടിലാണ് അവൻ ജനിച്ചത്. ജനിച്ചപ്പോൾത്തന്നെ പുറത്തൊരു കൂനുണ്ടായിരുന്നു. അതുകൊണ്ട് നല്ലപോലെ നിവർന്നു നടക്കാൻ വയ്യാ. മുതുക് അല്പം വളഞ്ഞിരുന്നു, കനമുള്ള ചാക്ക് പുറത്തേറ്റിയാലെന്നപോലെ.

എല്ലാവരും അവനെ വിളിച്ചു:

'കുഞ്ഞിക്കൂനൻ!'

കുഞ്ഞിക്കൂനന്റെ അമ്മ അവനെ പ്രസവിച്ചതിന്റെ നാലാം ദിവസം മരിച്ചു. അവന്റെ അച്ഛന് അവനെ കണ്ണിനുനേരെ കണ്ടു കൂടായിരുന്നു. കുഞ്ഞിക്കൂനൻ കാരണമാണുപോലും അവന്റെ അമ്മ പെട്ടെന്നു മരിച്ചത്.

കരിംപൂരാടമാണ് കുഞ്ഞിക്കൂനന്റെ ജന്മനക്ഷത്രം. അപ്പോൾ അച്ഛനോ അമ്മയോ ആരെങ്കിലും ഒരാൾ മരിച്ചേ പറ്റൂ എന്നാണത്രേ വിധി.

കുഞ്ഞിക്കുനന്റെ അച്ഛൻ പറഞ്ഞത് ഇതാണ്:

'സ്വന്തം അമ്മടെ കാലനാണവൻ. ഈ ഭൂമിയിലേക്കു വരാൻ വേറൊരു നാളും അവൻ കണ്ടില്ല. കരിംപുരാടദിവസേ, അവൻ കണ്ടുള്ളൂ. അസത്ത്! എനിക്കവനെ എന്റെ കണ്ണിന്റെ മുമ്പില് കാണണ്ടാ, അശ്രീകരം!'

പാവം കുഞ്ഞിക്കൂനൻ! അവൻ വിചാരിച്ചാൽ കരിംപൂരാടത്തിൻനാൾ ഭൂമിയിലേക്കു വരാതിരിക്കാൻ പറ്റുമായിരുന്നോ?

ഏതായാലും സ്വന്തം പിതാവ് അവനെ തിരിഞ്ഞുനോക്കിയില്ല. ചുണ്ടൊന്നു നനഞ്ഞുകിട്ടാൻവേണ്ടി ആ പിഞ്ചുകുഞ്ഞ് വാവിട്ടു നിലവിളിച്ചു. അയൽപക്കത്തുള്ളവർ മൂക്കത്തു വിരൽവെച്ചു:

'ഇങ്ങനെയുമുണ്ടോ ഒരച്ഛൻ!'